പതിമൂന്നാം കേരള നിയമസഭ

<u>അഞ്ചാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2537 — 21.06.2012 -ൽ മറുപടിക്ക്.

## <u>പതിമൂന്നാം ധനകാര്യ കമ്മീഷന്റെ ശുപാർശ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.എൻ.ഷംസുദ്ദീൻ<br>ശ്രീ.എം.ഉമ്മർ<br>ശ്രീ.സി.മമ്മൂട്ടി | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) പതിമൂന്നാം ധനകാര്യകമ്മീഷന്റെ ശുപാർശ പ്രകാരം പ്രാഥമിക വിദ്യാഭ്യാസ മേഖലയ്ക്ക് ലഭിക്കുന്ന ഗ്രാന്റിന്റെ വിനിയോഗം സംബന്ധിച്ച വിശദ വിവരം നൽകുമോ? | (എ) വിശദവിവരങ്ങൾ അനുബന്ധം - 1 ലും അനുബന്ധം - 2 ലും ആയി ചേർത്തിരിക്കുന്നു. |
| (ബി) ഈ പദ്ധതി പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം ചെലവഴിച്ച തുകയുടെ വിശദ വിവരം നൽകുമോ? | (ബി) അനുബന്ധം - 3 ൽ ചേർത്തിരിക്കുന്നു. |
| (സി) ഇതോടനുബന്ധിച്ച മാപ്പിംഗ് സ്റ്റഡിയുടെ വിശദവിവരം വെളിപ്പെടുത്തുമോ? | (സി) മാപ്പിംഗ് സ്റ്റഡി ലഭിച്ചിട്ടില്ല. |

Kumari Rekha V R

സെക്ഷൻ ഓഫീസർ

2537

**പ്രാഥമിക വിദ്യാഭ്യാസത്തിനായി പതിമൂന്നാമത് ഫിനാൻസ് കമ്മിഷൻ [FC XIII] ശുപാർശ ചെയ്തിട്ടുള്ള ഗ്രാന്റ് ഇൻ എയിഡ് നല്കുന്നതിനും വിനിയോഗിക്കുന്നതിനുമുള്ള മാർഗ്ഗരേഖ**

1. ഗ്രാന്റ് ഇൻ എയിഡ് ആവശ്യമുള്ള സംസ്ഥാനങ്ങൾക്ക് നല്കേണ്ട തുകയെ കുറിച്ചും കൺസോളിഡേറ്റഡ് ഫണ്ട് ഓഫ് ഇൻഡ്യയിൽ നിന്നും സംസ്ഥാനങ്ങൾക്ക് നല്കേണ്ട ധനസഹായം സംബന്ധിച്ച് FC XIII നോട് ശുപാർശകൾ സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. 2010-15 ൽ Rs. 24066 കോടി സംസ്ഥാനങ്ങൾക്ക് നല്കുന്നതിന് FC XIII ശുപാർശ ചെയ്തിരിക്കുന്നു. ഈ ശുപാർശകൾ FC XIII പറഞ്ഞിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി അംഗീകരിച്ചിരിക്കുന്നു.

2. പ്രാഥമിക വിദ്യാഭ്യാസ ഗ്രാന്റിന്റെ ഉദ്ദേശ ലക്ഷ്യം സംസ്ഥാനങ്ങൾക്ക് സാമ്പത്തിക സഹായം നല്കുന്നതിനാണ് ഈ സഹായം. കേന്ദ്രത്തിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കുന്ന വിഹിതവും (50%) സംസ്ഥാനം ചിലവഴിക്കുന്ന വിഹിതവും 35% തമ്മിലുള്ള അന്തരം നികത്തുന്നതിനാണ് ഗ്രാന്റ് നല്കുന്നത്. FC XIII വടക്ക് കിഴക്ക് സംസ്ഥാനങ്ങൾ ഒഴികെയുള്ള സംസ്ഥാനങ്ങൾക്ക് അവരുടെ എസ്.എസ്.എ. വാർഷിക പദ്ധതിയുടെ 15% ഗ്രാന്റ് നല്കുന്നതിന് ശുപാർശ ചെയ്തിരിക്കുന്നു. സംസ്ഥാനങ്ങൾക്ക് ഗ്രാന്റ് ശുപാർശ ചെയ്യുമ്പോൾ FC XIII, recurrent items of expenditure നെയാണ് ഫോക്കസ് ചെയ്യുന്നത്. ഇതിൽ സിവിൽ വർക്സ് ഉൾപ്പെടുകയില്ല. വടക്ക് കിഴക്ക് സംസ്ഥാനങ്ങൾക്ക് 2007-08, 2008-09 എന്നീ വർഷങ്ങളിൽ സംസ്ഥാനങ്ങൾ ചിലവാക്കിയ തുകയുടെ ശരാശരിയും, 10% ഷെയറായി നല്കേണ്ട തുകയും (കുറഞ്ഞത് 5 കോടി രൂപ/വർഷം) തമ്മിലുള്ള വ്യത്യാസമാണ് FC XIII ശുപാർശ ചെയ്യുന്നത്.

3. പ്രാഥമിക വിദ്യാഭ്യാസത്തിന് സംസ്ഥാനം ചിലവാക്കുന്ന തുകയ്ക്ക് പുറമേയുള്ള തുകയാണ് ഗ്രാന്റ്. അതിനാൽ 2010-15 കാലയളവിൽ പ്ലാൻ, നോൺ പ്ലാൻ വിഭാഗങ്ങളിൽ പ്രാഥമിക വിദ്യാഭ്യാസത്തിനായി ചിലവഴിക്കുന്ന തുക എല്ലാവർഷവും 8% അധികരിച്ചുകൊണ്ടേയിരിക്കണം. അതുകൊണ്ട് തന്നെ മേജർ ഹെഡിൽ വരുന്ന ചിലവുകൾ ഒരു സംസ്ഥാനത്തിന് ഗ്രാന്റ് അനുവദിക്കുന്നതിന് അടിസ്ഥാനമായി തീരുമാനിക്കപ്പെടും. ഈ നിബന്ധന പ്രകാരം സംസ്ഥാനങ്ങൾ ഫിനാൻസ് അക്കൗണ്ട് ലഭ്യമാക്കുമ്പോൾ Ministry of Finance അതിനു അനുസരണമായ മാറ്റങ്ങൾ ഗ്രാന്റ് തുകയിൽ വരുത്തേണ്ടതാണ്.

4. Finance accounts ന്റെ മേജർഹെഡ് : 2202, Sub major head 01 - ൽ വരുന്ന expenditure figures, acutal expenditure ആയി കണക്കാക്കുന്നതാണ്. ഈ expenditure ആസ്പദമാക്കിയായിരിക്കും ആ വർഷത്തെ മുഴുവൻ ഗ്രാന്റും റിലീസ് ചെയ്യുന്നത്.

5. ഗ്രാന്റുകൾ റിലീസ് ചെയ്യുന്നതിനുള്ള നിബന്ധനകൾ

i. അതാത് വർഷത്തെ ആനുവൽ അലോക്കേഷൻ ജൂൺ മാസത്തിൽ ഒറ്റ ഇൻസ്റ്റാൾമെന്റായിട്ട് നല്കുന്നതാണ്.

ii. പ്രാഥമിക വിദ്യാഭ്യാസത്തിനായി അനുവദിച്ചിട്ടുള്ള ഗ്രാന്റിനുള്ള ബഡ്ജറ്റ് സംസ്ഥാന സർക്കാർ തയാറാക്കി ചിലവഴിക്കേണ്ടതാണ്.

iii. 6th Pay Commission പ്രകാരം നല്കേണ്ട arrear payment-ുകൾ എലിമെന്ററി എഡ്യൂക്കേഷനുള്ള ചിലവിൽ നിന്നും കുറവ് ചെയ്യേണ്ടതാണ്. ഇങ്ങനെയുള്ള arrear payment നല്കുമ്പോൾ സംസ്ഥാന, ഫിനാൻസ് സെക്രട്ടറി തുക സാക്ഷ്യപ്പെടുത്തണം.

iv. 2010-11 ലെ ഗ്രാന്റുകൾ ഉപാധികളില്ലാതെ റിലീസ് ചെയ്യുന്നതാണ്.

v. തുടർന്നുള്ള ഇൻസ്റ്റാൾമെന്റുകൾ Budget Estimates (BE)/Revised Estimates (RE)/Actuals under Major Head- 2202, Sub-major head-01 - Elementary Education, net of FC XIII Grants released in repective years ഇനി പറയുന്നയവയ്ക്ക് വിധേയം.

a. 2011-12 : 2010-11 (RE) നെക്കാൾ 8% കൂടുതലായിരിയ്ക്കണം 2011-12 (BE)

b. 2012-13 : 2011-12 (RE) നെക്കാൾ കുറഞ്ഞത് 8% കൂടുതലായിരിയ്ക്കണം 2012-13 (BE)
2009-10 (Actual) നെക്കാൾ കുറഞ്ഞത് 8% കൂടുതലായിരിയ്ക്കണം 2010-11 ലെ (Actual)

c. 2013-14 : 2012-13 (RE) യെക്കാൾ കുറഞ്ഞത് 8% കൂടുതലായിരിയ്ക്കണം 2013-14 (BE)
2010-11 (Actual) നെക്കാൾ കുറഞ്ഞത് 8% കൂടുതലായിരിയ്ക്കണം 2011-12 (Actual)

d. 2014-15 : 2013-14 (RE) യെക്കാൾ കുറഞ്ഞത് 8% കൂടുതലായിരിക്കണം 2014-15 (BE)
2011-12 (Actual) നെക്കാളും കുറഞ്ഞത് 8% കൂടുതലായിരിയ്ക്കും 2012-13 (Actual)

iv. 2013-14, 2014-15 . . . എന്നീ വർഷങ്ങളിലെ ഫിനാൻസ് അക്കൗണ്ടുകൾ ലഭ്യമാക്കുമ്പോൾ, മേജർ ഹെഡിൽ വരുന്ന ഈ രണ്ടു വർഷത്തെയും, മൊത്തം ഗ്രാന്റുകൾ ചിലവുകൾ, 2012-13, 2013-14 . . . എന്നീ വർഷങ്ങളെ മൊത്തം ഗ്രാന്റുകൾക്ക് ചിലവായ തുകയെക്കാൾ 8% വർദ്ധനവ് ഉണ്ടായിരിക്കണം. 8% ശതമാനത്തിൽ കുറവുള്ള പക്ഷം സംസ്ഥാന സർക്കാരിൽ നിന്നും direct recovery ഉറപ്പാക്കേണ്ടതാണ്.

vii. ഒരു വർഷം റിലീസ് ചെയ്യുന്ന ഗ്രാന്റ് ആ വർഷം തന്നെ വിനിയോഗിയ്ക്കേണ്ടതാണ്.

viii. പോയ സാമ്പത്തിക വർഷം സംസ്ഥാന, ബഡ്ജറ്റ് പ്രൊവിഷൻ, പ്ലാൻ & നോൺ പ്ലാൻ വിഭാഗങ്ങളെ തിരിച്ചുള്ള ചില ചെയ്ത് ഇനങ്ങൾ, വിനിയോഗിക്കാതെ കിടക്കുന്ന തുക . . . എന്നിവയെ സംബന്ധിച്ച് ജൂൺ ആദ്യവാരം തന്നെ സംസ്ഥാന സർക്കാർ ധനവിനിയോഗ സർട്ടിഫിക്കറ്റ് നല്കേണ്ടതാണ്. ഈ വിനിയോഗ സർട്ടിഫിക്കറ്റ് സംസ്ഥാന ഫിനാൻസ് സെക്രട്ടറി നിർബന്ധമായും കൗണ്ടർ സൈൻ ചെയ്തിരിക്കണം.

6. Ministry of Finance (Department of Expenditure) ഗ്രാന്റ് റിലീസ് ചെയ്യുന്നതാണ്. Demand for Grants number 35 ൽ ഇതിനുള്ള തുക ഉൾക്കൊള്ളിച്ചിരിയ്ക്കണം.

2537

സംസ്ഥാനതലത്തിൽ പ്രവർത്തിക്കുന്ന മോണിറ്ററിംഗ് ഏജൻസി

- ഗ്രാന്റുകളുടെ യഥാവിധി വിനിയോഗം സർവ ശിക്ഷാ അഭിയാന്റെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി മോണിറ്റർ ചെയ്യേണ്ടതാണ്. ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള പ്രസ്തുത കമ്മിറ്റി ഭൗതിക -സാമ്പത്തിക ടാർജറ്റുകൾ പ്രത്യേകം പ്രത്യേകം മോണിറ്റർ ചെയ്യേണ്ടതുമാണ്.

  ഓരോ അർദ്ധവർഷവും State Executive Committee ഒരു തവണയെങ്കിലും കൂടിയിരിയ്ക്കണം.

  കമ്മിറ്റി മീറ്റിംഗിലെ മിനിട്ട്സ്, ഡിപ്പാർട്ട്മെന്റ് ഓഫ് എക്സ്പെൻഡിച്ചർ, മിനിസ്ട്രി ഓഫ് ഫിനാൻസ്, മിനിസ്ട്രി ഓഫ് ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ്, ഡിപ്പാർട്ട്മെന്റ് ഓഫ് സ്കൂൾ എഡ്യൂക്കേഷൻ, ഗവൺമെന്റ് ഓഫ് ഇൻഡ്യ എന്നിവർക്ക് നല്കേണ്ടതാണ്.

Union Government തലത്തിൽ പ്രവർത്തിയ്ക്കുന്ന മോണിറ്ററിംഗ് ഏജൻസി

- ദേശീയ തലത്തിൽ സർവ ശിക്ഷാ അഭിയാന്റെ പ്രോജക്ട് അപ്രൂവൽ ബോർഡിന്റെ പ്രത്യേക മീറ്റിംഗിൽ SE&L ന്റെ സെക്രട്ടറി പദ്ധതി റിവ്യൂ ചെയ്യേണ്ടതാണ്. പ്രസ്തുത മീറ്റിംഗിൽ ധനകാര്യ മന്ത്രാലയത്തിന്റെ പ്രതിനിധിയും പങ്കെടുക്കണം. വർഷത്തിൽ ഒരു തവണയെങ്കിലും കമ്മിറ്റി കൂടണം.

Controller and Auditor General ന്റെ ആഡിറ്റ്

- ആഡിറ്റർ ജനറൽ ഓഫ് ഇൻഡ്യ ഗ്രാന്റ് ഇൻ എയിഡിന്റെ റിലീസും വിനിയോഗവും സംബന്ധിച്ച് FC XIII ൽ പറഞ്ഞിട്ടുള്ള ഉദ്ദേശ്യങ്ങൾ സമയബന്ധിതമായി ആഡിറ്റ് ചെയ്യേണ്ടതാണ്. സംസ്ഥാനങ്ങൾ ഗ്രാന്റുകൾ നിർദ്ദേശിച്ച പ്രവർത്തനങ്ങൾക്കല്ലാതെ വിനിയോഗിച്ചിട്ടുള്ളതായി CAG റിപ്പോർട്ട് ചെയ്യുകയാണെങ്കിൽ ഗവൺമെന്റ് ഓഫ് ഇന്ത്യയ്ക്ക് ഈ സംസ്ഥാനങ്ങൾക്ക് ഗ്രാന്റുകൾ തടഞ്ഞു വയ്ക്കാനുള്ള തീരുമാനം എടുക്കാവുന്നതാണ്.

Kumari Rema VR
സെക്ഷൻ ഓഫീസർ

2537

അനുബന്ധം - 2

## 13-ാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം അനുവദിച്ച തുകയുടെ വിശദ വിവരം

| വർഷം | തുക( ലക്ഷത്തിൽ) |
|---|---|
| 2010-11 | 2500./- |
| 2011-12 | 2700/- |
| 2012-13 | 2800/- |
| 2013-14 | 2900/- |
| 2014-15 | 3100/- |
| ആകെ | **14000/-** |

Kumari Rema V.R
സെക്ഷൻ ഓഫീസർ

2537.

അനുബന്ധം - 3

## 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് 2011-12

### വിനിയോഗം സംബന്ധിച്ചുള്ള വിവരങ്ങൾ

| ക്രമ നമ്പർ | ഇനം | ചെലവ്(രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ബ്ളോക്ക് റിസോഴ്സ് സെന്റർ | 300.00 |
| 2 | സൗജന്യ പാഠപുസ്തക വിതരണം | 500.00 |
| 3 | പെൺകുട്ടികളുടെ വിദ്യാഭ്യാസം | 187.00 |
| 4 | ആദ്യകാല ശിശുപരിപാലനവും, വിദ്യാഭ്യാസവും | 127.00 |
| 5 | പട്ടികജാതി പട്ടികവർഗ്ഗ കുട്ടികളുടെ വിദ്യാഭ്യാസം | 172.00 |
| 6 | ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസം | 114.00 |
| 7 | അറ്റകുറ്റപണികൾക്കായുള്ള ഗ്രാന്റ്, സ്കൂൾഗ്രാന്റ്, ടീച്ചർ ഗ്രാന്റ് | 500.00 |
| 8 | കമ്മ്യൂണിറ്റി ട്രെയിനിംഗ് | 500.00 |
| 9 | മാനേജ്മെന്റും , എം.ഐ.എസും | 300.00 |
| ആകെ | | 2700.00 |

Kumar Padma V.R.
സെക്ഷൻ ഓഫീസർ